I ഇ.ബി. XV - കേരള നിയമസഭ/VI-2

# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ആഗസ്റ്റ് 23, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## II. ചരമോപചാരം

പ്രതാപവർമ്മ തമ്പാൻ, ആർ. സുന്ദരേശൻ നായർ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗം പ്രതാപവർമ്മ തമ്പാൻ, മുൻ മന്ത്രി ആർ.

സുന്ദരേശൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## III. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ എം. നൗഷാദ്, വി. ആർ. സുനിൽ കുമാർ, ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV. അടിയന്തരപ്രമേയം

വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ
നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച

മി. സ്പീക്കർ: വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുനരധിവാസം, ജീവനോപാധി കണ്ടെത്തുന്നതിനുള്ള സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ സമയബന്ധിതമായി നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ചമൂലം തീരദേശ ജനത അനുഭവിക്കുന്ന ദുരിതങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി വീടും ഭൂമിയും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസമടക്കമുള്ള നിരവധി പദ്ധതികൾ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ ആവിഷ്ക്കരിച്ചിട്ടുണ്ട്. കരിയർ ഗൈഡൻസ്, സ്ത്രീശാക്തീകരണം, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നീ പദ്ധതികൾ ഇതര സർക്കാർ പദ്ധതികളുമായി യോജിപ്പിച്ച് നടപ്പിലാക്കും. പുനർഗേഹം പദ്ധതി ഉപഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും പൂർണ്ണമായും ഒഴിവാക്കുകയും മത്സ്യത്തൊഴിലാളികളുടെ ഭൂമിയുടെ ഉടമസ്ഥാവകാശം അവരിൽത്തന്നെ നിക്ഷിപ്തമാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും കുടുംബങ്ങൾക്ക് ധനസഹായം, അവരുടെ മക്കൾക്ക് സൗജന്യവിദ്യാഭ്യാസം, പരിക്കേറ്റവർക്ക് ചികിത്സാധനസഹായം, മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം എന്നിവ നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി നൽകാനും മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡിന്

രൂപം നൽകാനും സാധിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായവും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്കും അനുബന്ധ തൊഴിലാളികൾക്കും ആശ്വാസ ധനസഹായവും അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം ഹാർബറിൽ നിന്ന് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് പുലിമുട്ട് നിർമ്മാണംമൂലമുള്ള അസൗകര്യം പരിഗണിച്ച് നിബന്ധനകൾക്ക് വിധേയമായി രണ്ട് വർഷത്തേയ്ക്ക് സൗജന്യ മണ്ണെണ്ണ അനുവദിക്കുകയും ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: വലിയതുറ എഫ്.സി.ഐ. ഗോഡൗണിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഫിഷറീസ് വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതി അടിയന്തരമായി നടപ്പിലാക്കണം. മണ്ണെണ്ണ സബ്സിഡിക്കും പുനർഗേഹം പദ്ധതിക്കുമുള്ള തുക വർദ്ധിപ്പിക്കാനും മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകാനും കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യബന്ധനത്തിന് പോകാൻ

സാധിക്കാത്തവർക്ക് ധനസഹായം നൽകാനും നടപടിയുണ്ടാകണം. മറൈൻ ആംബുലൻസുകൾ ഉപയോഗിക്കാൻ കഴിയാത്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണം. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട തീരശോഷണം തടയുന്നതിനും മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർക്കാരും അദാനി കമ്പനിയുമായുള്ള കരാർപ്രകാരം വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണവും പ്രവർത്തനനടത്തിപ്പും 40 വർഷത്തെ പരിപാലനവും അദാനി കമ്പനിയിൽ നിക്ഷിപ്തമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതികൾ സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. ഹാർബറിലെ തിരയടിമൂലം അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എല്ലാ ബോട്ടുകളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. മത്സ്യബന്ധന തുറമുഖത്തുനിന്ന് പുറപ്പെടുന്ന യാനങ്ങൾക്ക് എൻജിൻ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ 4 ലിറ്റർ മണ്ണെണ്ണ അനുവദിക്കുകയും പ്രസ്തുത ആനുകൂല്യം ഒരു വർഷംകൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 കിടക്കകളുള്ള താലൂക്കാശുപത്രിയായി ഉയർത്തുന്നതിനായി

10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിഴിഞ്ഞത്ത് 'പകൽവീട് നിർമ്മിക്കുന്നതിനും തുറമുഖത്തുണ്ടാകുന്ന തൊഴിലുകൾ തദ്ദേശവാസികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം നടത്തുന്നവരുമായി ചർച്ച നടത്തി സ്വീകാര്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പുനരധിവാസവുമായി ബന്ധപ്പെട്ട് മുട്ടത്തറയിൽ 10 ഏക്കർ സ്ഥലം അനുവദിച്ച് നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പനത്തുറ മുതൽ വേളിവരെയുള്ള മത്സ്യഗ്രാമങ്ങളിലെ വേലിയേറ്റ പരിധിക്കുള്ളിലെ കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ വ്യവസായ-വാണിജ്യ രംഗങ്ങളിലെ സംരംഭകർ തയ്യാറാകുമെന്നതിനാൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുന്നത് സംസ്ഥാനത്തിന്റെ വളർച്ചയെ പിന്നോട്ടടിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരത്ത് കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 159 കുടുംബങ്ങളെ

പുനരധിവസിപ്പിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. പുനർഗേഹം പദ്ധതിപ്രകാരം 276 വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. മത്സ്യഫെഡ് മുഖേന വാങ്ങുന്ന മണ്ണെണ്ണയ്ക്കുള്ള സബ്സിഡി മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകിവരുന്നു. 2021-22 ബഡ്ജറ്റിൽ അഞ്ച് വർഷംകൊണ്ട് നടപ്പാക്കാനുള്ള 5300 കോടി രൂപയുടെ പദ്ധതികളിൽ 1500 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചെല്ലാനത്ത് കടൽഭിത്തി നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിനിരയായവർക്ക് ഉയർന്ന തുക നഷ്ടപരിഹാരം നൽകുകയും ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അപകടങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും സന്ദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം എത്തിക്കുന്നതിനും ജീവൻരക്ഷാ ഉപകരണങ്ങളും യാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ വർദ്ധിപ്പിക്കുകയും മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും സമുദ്രബസ് സർവ്വീസ് ആരംഭിക്കുകയും മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുകയും തീരദേശ ജനതയെ സാക്ഷരരാക്കുന്നതിനായി

അക്ഷരസാഗരം പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്ന അവസരത്തിൽ പാർപ്പിടവും ജീവനോപാധിയും ആർക്കും നഷ്ടപ്പെടില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ് , അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## V. ശ്രദ്ധ ക്ഷണിക്കൽ

### 1. മത്സ്യത്തൊഴിലാളി പുനരധിവാസവും മണ്ണെണ്ണയുടെ ലഭ്യതക്കുറവും

ശ്രീ. പി. പി. ചിത്തരഞ്ജൻ: പുനർഗേഹം പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനും മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവ് പരിഹരിച്ച് ന്യായവില ഉറപ്പാക്കുന്നതിനും മത്സ്യമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മത്സ്യത്തൊഴിലാളി സംഘടനകളുടെ യോഗം

വിളിക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): പുനർഗേഹം പദ്ധതിക്ക് 2,450 കോടി രൂപ വകയിരുത്തുകയും സ്വന്തമായി ഭൂമി കണ്ടെത്തുന്നവർക്ക് ഭൂമിയുടെ വിലയുൾപ്പെടെ ഭവനനിർമ്മാണത്തിന് 10 ലക്ഷം രൂപ നൽകുകയും രജിസ്ട്രേഷൻ ഫീ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 1480 ഗുണഭോക്താക്കൾ പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലായി 468 ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർദ്ധനവും പരിഹരിക്കാൻ കേന്ദ്രസർക്കാരുമായി ചർച്ച നടത്തിവരുന്നു. മത്സ്യബന്ധനത്തിന് പെട്രോൾ, ഡീസൽ എഞ്ചിനുകൾ ഉപയോഗിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും യോഗം ചേരുന്നതാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ബന്ധപ്പെട്ട ഫിഷറീസ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2. വേമ്പനാട് കായൽ അതോറിറ്റി രൂപീകരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വേമ്പനാട് കായലിലെയും അനുബന്ധ പ്രദേശങ്ങളിലെയും എക്കലും ചെളിയും നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും കായൽ സംരക്ഷിക്കുന്നതിനുമായി സമഗ്ര പരിപാലന പദ്ധതി തയ്യാറാക്കുന്നതിനും വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതിനും പരിസ്ഥിതി സംരക്ഷണവും തീരദേശവാസികളുടെ സുരക്ഷയും ഉറപ്പുവരുത്തി സംയോജിത ദ്വീപ് പരിപാലന പദ്ധതികൾക്ക് രൂപം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കായൽ കയ്യേറ്റങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാകളക്ടർ ചെയർമാനായും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കായലിന്റെ അതിർത്തി തിട്ടപ്പെടുത്തുന്നതിനുമായി റവന്യൂ-സർവ്വേ-തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി ഊർജ്ജിത നടപടി സ്വീകരിച്ചുവരികയുമാണ്. വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കായലിന്റെ

ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 കിലോമീറ്റർ ചുറ്റളവുള്ള ആർ-ബ്ലോക്ക് പാടശേഖരത്തിൽ എക്കലും ചെളിയും ഉപയോഗിച്ച് പുറംബണ്ട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## VI. സബ്മിഷൻ

1. കാര്യവട്ടം കോളേജ് പ്രിൻസിപ്പാളിനെ പൂട്ടിയിട്ടത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കാര്യവട്ടം സർക്കാർ കോളേജിൽ പ്രിൻസിപ്പാളിനെ പൂട്ടിയിട്ടതുൾപ്പെടെയുള്ള അക്രമസംഭവങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ബി.എസ്‌സി. സ്റ്റാറ്റിറ്റിക്സ് ബിരുദ പഠനത്തിന് പ്രവേശനം നേടുന്നതിന് അപേക്ഷ സമർപ്പിച്ച രോഹിത് രാജ് 2018-2021 വർഷം കാര്യവട്ടം കോളേജിൽ ഇതേ കോഴ്സ് പഠിച്ചിരുന്നതിനാൽ ടി വിദ്യാർത്ഥിക്ക് കോളേജിൽ പ്രവേശനം നൽകാൻ കഴിയില്ലെന്ന് അറിയിച്ചതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് കഴക്കൂട്ടം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും 6 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രിൻസിപ്പാളിന്റെ

പരാതിയുടെ അടിസ്ഥാനത്തിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോളേജിലുണ്ടായ സംഭവങ്ങളെപ്പറ്റി പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 2. ഓൺലൈൻ റമ്മി നിയന്ത്രിക്കുന്നതിന് നടപടി

ശ്രീ. എ. പി. അനിൽ കുമാർ: 1960-ലെ കേരള ഗെയിമിംഗ് ആക്ട് സെക്ഷൻ 14(എ) ഭേദഗതി ചെയ്ത് പണംവച്ചുള്ള ഓൺലൈൻ റമ്മി നിയമംമൂലം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട ഹൈക്കോടതി 1960-ലെ കേരള ഗെയിമിംഗ് ആക്ട് ഭേദഗതി റദ്ദാക്കിയതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ കോടതിയുടെ പരിഗണനയിലാണ്. ഓൺലൈൻ റമ്മികളിക്ക് നിലവിൽ നിരോധനമില്ലാത്ത സാഹചര്യത്തിൽ പോലീസുൾപ്പെടെ വിവിധ വകുപ്പുകൾ ബോധവത്കരണ പരിപാടികൾ നടത്തിവരികയും നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി റമ്മി ഉൾപ്പെടെയുള്ള ഓൺലൈൻ ഗെയിമുകൾ നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നിയമഭേദഗതി

സർക്കാരിന്റെ പരിഗണനയിലാണ്.

## 3. കുറ്റ്യാടി പുഴയോരം സംരക്ഷണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി പുഴയോരത്ത് സംരക്ഷണഭിത്തി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുറ്റ്യാടി പുഴയോരത്ത് സംരക്ഷണഭിത്തി കെട്ടുന്നതിനായി 2021-22 സാമ്പത്തിക വർഷം 40.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി വേളം പഞ്ചായത്തിലെ ചോയിമഠം-കക്കടവത്ത് പ്രദേശത്ത് പ്രവൃത്തി പുരോഗമിച്ചുവരികയാണ്. കുറ്റ്യാടി, തിരുവള്ളൂർ, വേളം, മണിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

## 4. വയനാട്-കാസർഗോഡ് 400 കെ. വി. ലൈൻ നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: വയനാട്- കാസർഗോഡ് നോർത്ത് ഗ്രീൻ കോറിഡോർ 400 കെ. വി. ലൈൻ നിർമ്മാണംമൂലം കർഷക ജനവിഭാഗങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കാനാവശ്യമായ നടപടി

സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വയനാട്-കാസർഗോഡ് 400 കെ.വി.ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് പ്രസരണ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് 15 ശതമാനവും ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് 85 ശതമാനവും നഗരപരിധിയിലൂടെ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് 15 ശതമാനവും ഭൂമിയുടെ ന്യായവില അനുസരിച്ച് അധികമായി നഷ്ടപരിഹാരം നൽകുന്നതാണ്. ലൈൻ നിർമ്മാണം സംബന്ധിച്ച് സ്പെഷ്യൽ പാക്കേജ് തയ്യാറാക്കുന്നതിനുള്ള സമഗ്ര റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണവും മലബാർ ദേവസ്വം ബിൽ നിയമമാക്കലും

ശ്രീ. ടി. പി. രാമകൃഷ്ണൻ: മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാനും മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചാലുടൻ നിലവിലെ ഉത്തരവിലെ

അപാകതകൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിയമം അടുത്ത സഭാ സമ്മേളനത്തിൽ പരിഗണിക്കുന്നതാണ്.

### 6. സർക്കാർ സ്കൂളുകളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യൽ

ശ്രീ. എം. നൗഷാദ്: സർക്കാർ വിദ്യാലയങ്ങളിലെ ഇ-വേസ്റ്റ് കാലതാമസം കൂടാതെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുള്ള ഹൈ-ടെക് ഉപകരണങ്ങളിൽ 2008 മാർച്ച് 31-ന് മുമ്പ് നൽകിയവയിൽ പ്രവർത്തനയോഗ്യമല്ലാത്തവ ശേഖരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും 741 ടൺ ഇ-വേസ്റ്റ് നീക്കം ചെയ്യുകയും 2008 മാർച്ച് 31-നുശേഷം നൽകിയ ഉപകരണങ്ങളിൽ പ്രവർത്തനയോഗ്യമല്ലാത്തവ നിർമ്മാർജ്ജനം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 7. ആറ്റിങ്ങലിലെ ദേശീയപാത വികസനം

ശ്രീമതി ഒ. എസ്. അംബിക: പോസ്റ്റോഫീസിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കി ആറ്റിങ്ങൽ കച്ചേരിനട ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ആറ്റിങ്ങൽ കച്ചേരിനട ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പോസ്റ്റോഫീസിന്റെ അധീനതയിലുള്ള 2.43 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് കേന്ദ്ര വാർത്താ വിനിമയ സെക്രട്ടറിക്ക് കത്ത് നൽകുകയും കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ടി പ്രശ്നം പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കച്ചേരിനട ജംഗ്ഷൻ വികസനത്തിനാവശ്യമായ എല്ലാ നടപടികളും വകുപ്പ് സ്വീകരിക്കുന്നതാണ്.

## 8. മലപ്പുറത്ത് പുതിയ പി. ഡബ്ല്യു. ഡി ഓഫീസുകൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: മലപ്പുറത്ത് റോഡ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനും കോൺസ്റ്റിറ്റ്യുവൻസി മോണിട്ടറിംഗ് ടീമിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കെ.ആർ.എഫ്.ബി.-ക്ക്

മലപ്പുറത്ത് ഒരു ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പി.ഡബ്ല്യു.ഡി. ദേശീയപാത ഏറ്റെടുത്തതുമൂലം സംസ്ഥാന ദേശീയപാതയിലുണ്ടായിട്ടുള്ള കുറവിന് ആനുപാതികമായി ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഓഫീസുകളുടെ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം സംവിധാനം ഫലപ്രദമാണ്. മലപ്പുറത്ത് കെ.ആർ.എഫ്.ബി.-ക്ക് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

9. വണ്ടിപ്പെരിയാർ-ഏലപ്പാറ റോഡിന്റെ പുനരുദ്ധാരണം

ശ്രീ. വാഴൂർ സോമൻ: പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ-ഏലപ്പാറ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നിലവിൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി 50 ശതമാനത്തിലധികം റോഡുകളും

ബി.എം.&ബി.സി. ആക്കാനും ഡ്രെയിനേജ് സംവിധാനം ശക്തിപ്പെടുത്താനുമാണ് ശ്രമിക്കുന്നത്. സാമ്പത്തിക പരാധീനതയുള്ളതിനാൽ പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത റോഡുകൾ ഏറ്റെടുക്കുന്നതിന് പരിമിതിയുണ്ട്. നിലവിൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

10. കോഴിക്കോട് ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ബീച്ച് ആശുപത്രി എന്നറിയപ്പെടുന്ന കോഴിക്കോട് ജനറൽ ആശുപത്രിയിലെ ഒഴിവുകൾ നികത്തുവാനും പുതിയതായി ആരംഭിച്ച വിഭാഗങ്ങളിൽ തസ്തികകൾ സൃഷ്ടിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോഴിക്കോട് ജനറൽ ആശുപത്രിയിൽ അത്യാധുനിക രീതിയിലുള്ള പീഡിയാട്രിക് ഐ.സി.യു.-വും ഹൈ ഡിപ്പൻഡൻസി യൂണിറ്റും പീഡിയാട്രിക് വാർഡും പൂർത്തീകരിക്കുകയും ജെറിയാട്രിക് വാർഡിന്റെയും ഒ.പി. ട്രാൻസ്ഫർമേഷൻ ബ്ലോക്കിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി 580 ജീവനക്കാരാണ് അവിടെയുള്ളത്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ

തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിലുള്ള മൂന്ന് ഡോക്ടർമാരുടെ തസ്തികകളിലടക്കം മറ്റ് വിഭാഗങ്ങളിലെ ഒഴിവുകളിലും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡി.എം.ഒ. നിയമിക്കേണ്ട ബാക്കി തസ്തികകൾ ആഗസ്റ്റ് മാസംതന്നെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## VII. **മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 3(1), ചട്ടം 47 (2) പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII. **റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിച്ചു.

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിന്മേൽ ചട്ടം 215 പ്രകാരമുള്ള ഭേദഗതി അവതരിപ്പിക്കുകയും സഭ നിരാകരിക്കുകയും ചെയ്തു.

## IX. **റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## X. **ക്രമപ്രശ്നം**

(1) <u>നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ ഒഴിവാക്കിയത് സംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർക്കാരിന് അപ്രിയമായ ചോദ്യങ്ങൾ സഭാതലത്തിൽ വരാതിരിക്കാനായി നക്ഷത്രചിഹ്നമിട്ട 26 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത വിഭാഗത്തിലേയ്ക്ക് മാറ്റിയ സംഭവവും ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത ഏഴാമത്തെ ചോദ്യത്തിൽ 'സി' പിരിവിൽ സംസ്ഥാനത്തെ എം.പി.-മാരിൽ മഹാഭൂരിപക്ഷം പാർലമെന്റിൽ സംസ്ഥാന വികസന താൽപ്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിന് അനുകൂലമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെടണമെന്ന ചോദ്യം ഉൾപ്പെടുത്തിയത് സംബന്ധിച്ചും അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ: പരിശോധിക്കാം.

XI. **നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള ലോക്‌ആയുക്ത (ഭേദഗതി) ബിൽ.

(iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

(iv) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

(v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

**ക്രമപ്രശ്നം (തുടർച്ച)**

(2) നിരാകരണപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: ഓർഡിനൻസുകൾക്ക് പകരം ബില്ലുകൾ വരുമ്പോൾ നിരാകരണപ്രമേയം അവതരിപ്പിക്കുന്നതിന് അംഗങ്ങൾക്ക് അനുമതി ലഭിക്കാറുണ്ടെങ്കിലും ഇപ്പോഴത് നിഷേധിച്ചത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം പരിഗണിച്ച് ഓർഡിനൻസ് നിരാകരണത്തിനുള്ള അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം വസ്തുതാപരമല്ല. നിലവിൽ ഓർഡിനൻസ് നിലനിൽക്കുന്നില്ല. ഓർഡിനൻസിന് പകരമുള്ള പുതിയ ബില്ലാണ് കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള നിയമത്തിനനുസൃതമായി നടപടികളെടുക്കാൻ നിയമപരമായി എക്സിക്യൂട്ടീവിന് അധികാരമുണ്ട്. അതുകൊണ്ട് സ്വാഭാവികമായ ക്ലോസ്

പുതിയ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്താം. അത് പല കോടതി വിധിക്കകത്തുമുണ്ട്.

**റൂളിംഗ്**

നിയമസഭാ നടപടിചട്ടപ്രകാരം നിലവിലില്ലാത്ത ഒരു ഓർഡിനൻസിനെ നിരാകരിക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാനോ അതിന്മേലുള്ള അനന്തരഘട്ടങ്ങളിലേയ്ക്ക് കടക്കുവാനോ കഴിയില്ല. ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന ആറ് ബില്ലുകളിൽ അഞ്ചെണ്ണവും നിലവിലുണ്ടായിരുന്ന ഓർഡിനൻസുകളുടെ വ്യവസ്ഥകൾക്ക് തുടർപ്രാബല്യം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിയമനിർമ്മാണമാണെങ്കിൽപ്പോലും പ്രസ്തുത ഓർഡിനൻസുകൾ ലാപ്സായ സാഹചര്യത്തിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകളായല്ല സഭയ്ക്ക് മുമ്പാകെ വന്നിട്ടുള്ളത്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

(3) ബില്ലിലെ അപാകത

ശ്രീ. എൻ. ഷംസുദ്ദീൻ: ഈ ബിൽ പ്രാബല്യത്തിൽവന്ന് രണ്ട് വർഷത്തിനുള്ളിൽ അതത് ജില്ലാ ബാങ്കുകൾ ജനറൽ ബോഡി ചേർന്ന് പ്രമേയം പാസ്സാക്കണമെന്നതിനുപകരം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ രണ്ട് കൊല്ലം എന്നത് മൂന്ന് കൊല്ലമാക്കി മാറ്റാനാണ് ഭേദഗതി കൊണ്ടുവരുന്നത്. കോടതി നടപടികളുണ്ടാകുമ്പോൾ രണ്ട് കൊല്ലം ബാധകമല്ലെന്ന ഭേദഗതിയാണ് കൊണ്ടുവരേണ്ടത്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ മാത്രം ലക്ഷ്യമിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. വളരെ നിരുത്തരവാദപരമായ ആവശ്യമില്ലാത്ത ഭേദഗതിയായതിനാൽ പ്രസ്തുത ബില്ലിന് അനുമതി നൽകാൻ പാടില്ല.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം ശരിയല്ല. ഇക്കാര്യത്തിൽ സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യണമെന്ന കോടതി ഉത്തരവുകൾ അവസാനിച്ചിരിക്കുന്നതിനാലും കോടതി മുമ്പാകെ കേസ്സുകളൊന്നും നിലവിലില്ലാത്തതിനാലും ഇതുസംബന്ധിച്ച

നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ കോടതി അനുമതി നൽകിയിരിക്കുകയാണ്. ആർ.ബി.ഐ.-യുടെ ലൈസൻസ് ലഭിക്കുന്നമുറയ്ക്ക് ലയനപ്രക്രിയയിലേയ്ക്ക് പോകുന്നതാണ്. കാലാവധി ഒരു വർഷത്തേയ്ക്ക് നീട്ടണമെന്നുള്ളതാണ് ഭേദഗതി.

**റൂളിംഗ്**

മി. സ്പീക്കർ: 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധവും നിയമനിർമ്മാണ തത്വങ്ങൾക്കെതിരും സ്വാഭാവിക നീതിയുടെ ലംഘനവുമാണെന്നാണ് തടസ്സവാദം ഉന്നയിച്ചിരിക്കുന്നത്. സഭയ്ക്ക് സമ്പൂർണ്ണ നിയമനിർമ്മാണാധികാരം ഭരണഘടനപ്രകാരം ലഭ്യമായിട്ടുള്ള വിഷയത്തിന്മേലുള്ള ഈ ബില്ലിന്റെ അവതരണഘട്ടത്തിൽത്തന്നെ ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന് കാണുന്നു. ബില്ലിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുവാനും പരിഹരിക്കാനുമുള്ള അവസരം അംഗങ്ങൾക്ക് ലഭ്യമാകുമെന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എൻ. വാസവൻ: വകുപ്പ് 14 (a) അനുസരിച്ചുള്ള പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 13 ജില്ലാ ബാങ്കുകളും ലയനപ്രക്രിയ പൂർത്തീകരിച്ച് 2019-ൽ കേരള ബാങ്ക് നിലവിൽ വന്നത്. അന്ന് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കോടതിയിൽ പോയതിന്റെ അടിസ്ഥാനത്തിലാണ് ലയനകാര്യത്തിൽ കാലതാമസമുണ്ടായത്. അത് പരിഹരിച്ച സാഹചര്യത്തിൽ ആർ.ബി.ഐ.-യുടെ അനുവാദം ലഭിച്ചാലുടൻതന്നെ ലയനപ്രക്രിയ പൂർത്തിയാക്കാൻ കഴിയും.

ശ്രീ. എ. എൻ. ഷംസീർ: 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ സഹകരണസ്ഥാപനങ്ങൾ ഒരു ഏകീകൃത

സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അതിന് തയ്യാറാകാത്ത സമീപനം സ്വീകരിച്ചത് നിരാശാജനകമാണ്. ലയനത്തിന്റെ ഭാഗമായി സ്വർണ്ണപ്പണയ വായ്പയുടെയും കാർഷിക വായ്പയുടെയും പലിശ കുറയ്ക്കാൻ സാധിച്ചു. കേരളത്തിലെ സഹകരണ ബാങ്കുകളിലെ നിക്ഷേപം 2.5 കോടി രൂപയാണ്. സഹകരണ ആഡിറ്റിംഗിൽ സമഗ്രമായ മാറ്റം വരുത്താനായതും തട്ടിപ്പ് നടത്തുന്നവർക്കെതിരെ ക്രിമിനൽ കുറ്റം ചുമത്താനായതും നിക്ഷേപക ഗ്യാരന്റി ബോർഡിലൂടെ സുരക്ഷിതത്വം നൽകാനായതും സഹകരണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളാണ്. റിസ്ക് ഫണ്ട്, മെമ്പർ റിലീഫ് ഫണ്ട്, സഹകാരി സാന്ത്വന പദ്ധതി എന്നിവ നടപ്പാക്കാനായതും സഹകരണ ബാങ്കിലൂടെ സാമൂഹ്യക്ഷേമ പെൻഷൻ നൽകാനായതും പ്രളയമുണ്ടായ സമയത്ത് 'കെയർ ഹോം' പദ്ധതിയിലൂടെ 2091 വീടുകൾ നിർമ്മിക്കാനായതും വിസ്മരിക്കാൻ കഴിയാത്തതാണ്. ഒറ്റത്തവണ തീർപ്പാക്കൽ, മുറ്റത്തെ മുല്ല, സ്നേഹതീരം എന്നിവയിലൂടെ നിരവധി ഗുണഭോക്താക്കൾക്ക് ഗുണം ലഭിച്ചു. സഹകരണ ഫാർമസി, ലാബ് എന്നിവ സഹകരണ ആശുപത്രികളുടെ ഭാഗമായി ആരംഭിക്കുന്നത് നിയന്ത്രിക്കാനും സഹകരണ സംഘങ്ങളെ തകർക്കാനുമുള്ള ആസൂത്രിത ശ്രമത്തിനെതിരെ

കർക്കശ നിലപാട് സ്വീകരിക്കാൻ കഴിയണം. സംയോജന നടപടികൾക്കുള്ള കാലാവധി രണ്ട് വർഷത്തിൽനിന്ന് മൂന്ന് വർഷമാക്കി മാറ്റുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലാ ബാങ്ക് ലിറ്റിഗേഷൻ നടപടികളിലേയ്ക്ക് കടക്കാതെ കേരള ബാങ്കിൽ ലയിക്കാൻ തയ്യാറാകണം.

ശ്രീ. എം. വിൻസെന്റ്: 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ സാധാരണ ജനങ്ങൾക്കുണ്ടായിരുന്ന സ്വീകാര്യത ഇല്ലാതാകുന്നതിനാലാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തത്. സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ കാര്യക്ഷമമായി നടപ്പാക്കാനോ മതിയായ ജീവനക്കാരെ വിന്യസിക്കാനോ ഒഴിവുകൾ നികത്താനോ കഴിഞ്ഞിട്ടില്ല. ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഏകീകൃതമായ ട്രാൻസ്ഫർ പോളിസി രൂപീകരിക്കണം. സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിലൂടെ അഴിമതി തടയാൻ സാധിക്കുന്നതാണ്. ബാങ്കുകളിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ സ്വത്തുക്കൾ കണ്ടുകെട്ടി നിയമനടപടികളുമായി മുന്നോട്ടുപോകാൻ സർക്കാർ തയ്യാറാകണം. എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കാനും മൊബൈൽ

ബാങ്കിംഗ് സേവനങ്ങൾ നൽകാനും കഴിയുമായിരുന്ന ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്കായി മാറിയപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ഫണ്ട് ബോർഡ് ഏകപക്ഷീയമായി പുനഃസംഘടിപ്പിച്ചത് പുനഃപരിശോധിക്കണം. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണം. ലാഭകരമായി പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള ഭേദഗതിയെ എതിർക്കപ്പെടേണ്ടതാണ്.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സഹകരണ ആശുപത്രികളുള്ള പ്രദേശങ്ങളിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ അനുമതി കൂടാതെ ഫാർമസികൾ, ലബോറട്ടറികൾ എന്നിവ ആരംഭിക്കുന്നത് ഒഴിവാക്കണമെന്ന നിലപാട് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് നിലവിൽ വന്നതോടെ ബാങ്കുകളുടെ സഞ്ചിതനഷ്ടം കുറയ്ക്കാനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും സഹകാരികൾക്ക് കുറഞ്ഞ പലിശനിരക്കിൽ കാർഷിക/വ്യവസായ/സ്വർണ്ണ വായ്പകൾ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഓൺലൈൻ ബാങ്കിംഗ് സേവനങ്ങൾ ഡിസംബർ മാസത്തോടെ ലഭ്യമാക്കുന്നതിനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചതോടൊപ്പം

ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടത്താനും ശമ്പളത്തിലെ അനോമലി പരിഹരിക്കാനും നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷന്റെ അവാർഡിന് കേരള ബാങ്ക് അർഹമായത് അഭിമാനകരമാണ്. സംഘങ്ങളെ സഹായിക്കുന്നതിന് സഹകരണ സംരക്ഷണനിധി രൂപീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ സഹകാരികൾക്കും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും നബാർഡ് മുഖേനയുള്ള സഹായം ലഭ്യമാക്കുന്നതിനും 14 ജില്ലാ ബാങ്കുകളെയും ലയിപ്പിച്ച് കേരള ബാങ്ക് എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുമാണ് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) <u>2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ</u>

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ലോക്‌ആയുക്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

4. ബിൽ ഭരണഘടനാ വിരുദ്ധം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): 2022-ലെ കേരള ലോക്‌ആയുക്ത (ഭേദഗതി) ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഭരണഘടനാവിരുദ്ധമാണ്. ബില്ലിലെ 14-ാം വകുപ്പിന്റെ ഭേദഗതിപ്രകാരം നീതിനിർവ്വഹണ സംവിധാനത്തിന്റെ അപ്പീൽ അധികാരിയായി ഭരണനിർവ്വഹണ സംവിധാനം മാറുന്നത് അനുച്ഛേദം 50-ന് വിരുദ്ധവും അനുച്ഛേദം 14-ന്റെ ഭാഗമായ Right to adjudication-ന്റെ ലംഘനവുമാണ്. നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ ഭേദഗതികളുൾപ്പെട്ട ബില്ലിന് അവതരണാനുമതി നൽകരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: ജുഡീഷ്യറിയുടെ അധികാരം കവർന്നെടുക്കുന്നതാണ് 2022-ലെ കേരള ലോക്‌ആയുക്ത (ഭേദഗതി) ബിൽ. ലോക്‌ആയുക്തയുടെ വിധിക്കെതിരെ അപ്പീൽ തീരുമാനമെടുക്കാൻ

എക്സിക്യൂട്ടീവിന്റെ പ്രതിനിധികളായ മുഖ്യമന്ത്രിക്കും മന്ത്രിസഭയ്ക്കും അധികാരം നൽകുന്നത് ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമായതിനാൽ ബിൽ അവതരിപ്പിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല**.**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ഭരണഘടനാവിരുദ്ധവും ഹൈക്കോടതിയുടെ അധികാരം എക്സിക്യൂട്ടീവിൽ കേന്ദ്രീകരിക്കുന്നതിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ ബില്ലിന്റെ അവതരണം ക്രമപ്രകാരമല്ല.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ലോക്ആയുക്ത ഒരു ജൂഡീഷ്യൽ ബോഡിയല്ല. പരാതിയിന്മേൽ അന്വേഷണവും കണ്ടെത്തലും നടത്താനുള്ള അധികാരം മാത്രമാണ് ആക്ട് പ്രകാരം ലോക്ആയുക്തയ്ക്കുള്ളത്. ലോക്ആയുക്തയുടെ അധികാരങ്ങൾ കവർന്നെടുക്കാനുള്ള യാതൊരു ശ്രമവും ഈ ഭേദഗതിയിലൂടെ നടത്തിയിട്ടില്ല. ഒരു നിയമത്തിന്റെ പൊതുകാഴ്ചപ്പാടിനും സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസിനും ആമുഖത്തിനും ലക്ഷ്യത്തിനപ്പുറവുമുള്ള വകുപ്പ് നിലനിൽക്കുന്നതല്ല. അന്വേഷണം നടത്തുന്ന ഏജൻസിതന്നെ ശിക്ഷ വിധിക്കുന്നത് നിയമസംഹിതയ്ക്ക് എതിരായതിനാൽ ലോക്ആയുക്ത ആക്ടിലെ സെക്ഷൻ

(14)-ൽ ഭേദഗതി അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബില്ലിന്റെ അവതരണത്തിനെതിരെ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകിക്കഴിഞ്ഞു. മൂലനിയമത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസായാണ് ഭേദഗതി നിലവിൽ വന്നത്. പ്രസ്തുത ഓർഡിനൻസ് ആവർത്തിച്ച് പുനഃപ്രഖ്യാപനം നടത്താൻ കഴിയാത്ത സാഹചര്യത്തിലാണ് നിയമനിർമ്മാണത്തിലേയ്ക്ക് കടന്നത്. ബില്ലിലെ വ്യവസ്ഥകളിൽ മാറ്റംവരുത്താൻ സഭയ്ക്ക് സമ്പൂർണ്ണാധികാരമുള്ളതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പൊതുപ്രവർത്തകർക്കിടയിലെ അഴിമതി തടയുന്നതിനായി കൊണ്ടുവന്ന ലോക്ആയുക്ത ബില്ലിലെ പൗരന്മാരുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന വകുപ്പുകളിലാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഭരണഘടനാപരമായ അവകാശം സംരക്ഷിക്കാൻ കൊണ്ടുവന്ന ഭേദഗതിയെ പ്രതിപക്ഷം എതിർക്കുന്നത് ശരിയല്ല. ലോക്ആയുക്ത നൽകുന്ന റിപ്പോർട്ട് അംഗീകരിക്കണമെന്ന വ്യവസ്ഥയിൽ മാറ്റംവരുത്തി അംഗീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരം കോമ്പീറ്റന്റ് അതോറിറ്റിക്ക് നൽകുന്നതിനാണ് കേരള ലോക്ആയുക്ത നിയമത്തിന്റെ 14-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത്. കുറ്റാരോപിതനായ ആളെ കേൾക്കാതെ വിധി പുറപ്പെടുവിക്കുന്നത് അംഗീകരിക്കാൻ സാധിക്കില്ല. ലെജിസ്ലേച്ചർ/എക്സിക്യൂട്ടീവ്/ജുഡീഷ്യറി എന്നിവ അമിതാധികാരം

പ്രയോഗിക്കാൻ പാടില്ല. ഭരണഘടനയ്ക്കനുസൃതമായി 14-ാം വകുപ്പ് ഭേദഗതി വരുത്തുന്നതിലൂടെ ലോക്ആയുക്തയുടെ അധികാരം കവരുമെന്ന പ്രതിപക്ഷവാദം ശരിയല്ല.

ശ്രീമതി ഉമ തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുമ്പോഴാണ് ജനാധിപത്യം ശക്തിപ്പെടുന്നത്. പുതിയ തലമുറയുടെ ജനാധിപത്യ വിശ്വാസത്തെ ഉറപ്പിക്കുന്ന തരത്തിലുള്ള നിയമനിർമ്മാണങ്ങളാണ് നടത്തേണ്ടത്. ലോക്ആയുക്ത നിയമത്തെ ദുർബലപ്പെടുത്താനാണ് ഈ ഭേദഗതികളിലൂടെ സർക്കാർ ശ്രമിക്കുന്നത്. അത് ന്യായീകരിക്കാൻ ഭരണഘടനയെ കൂട്ടുപിടിക്കുന്നത് ശരിയായ നടപടിയല്ല. ലോക്ആയുക്തയുടെ റിപ്പോർട്ട് പരിശോധിക്കാൻ അപ്പീൽ അതോറിറ്റിയില്ലാത്തതിനാലാണ് നിയമഭേദഗതി കൊണ്ടുവരുന്നതെന്ന വാദം അംഗീകരിക്കാൻ സാധിക്കുന്നതല്ല. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ ലോക്ആയുക്തയിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിലാണ് നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബില്ലിലൂടെ 14-ാം വകുപ്പിൽ മാത്രമല്ല ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ലോക്ആയുക്തയായി നിയമിക്കപ്പെടുന്ന വ്യക്തി റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി/ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരിക്കണമെന്ന നിബന്ധന ഭേദഗതി ചെയ്തുകൊണ്ട് ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെക്കൂടി പരിഗണിക്കാമെന്ന നിർദ്ദേശം ഉൾപ്പെടുത്തുകയും ഉപ ലോക്ആയുക്തയായി നിയമിക്കപ്പെടുന്ന വ്യക്തി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജി ആയിരിക്കണമെന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ജുഡീഷ്യറിയുടെ ഭാഗമായിരുന്ന വ്യക്തി ഏതെങ്കിലുമൊരു സ്ഥാനത്ത് വന്നതുകൊണ്ടും അർദ്ധജുഡീഷ്യറി/സ്റ്റാറ്റ്യൂട്ടറി ബോഡിക്ക് നിയമത്തിന്റെ ചില വ്യവസ്ഥകൾ നൽകുന്നതുകൊണ്ടും അത് ജുഡീഷ്യൽ ബോഡിയാകുന്നില്ല. ഭരണഘടനാനുസൃതമല്ലാത്ത ലോക്ആയുക്ത നിയമത്തിലെ 14-ാം വകുപ്പിൽ വരുത്തുന്ന ഭേദഗതിയിലൂടെ നിയമസഭയുടെ ദൗത്യം ശരിയായി നിർവ്വഹിക്കുകയാണ് ചെയ്തിരിക്കുന്നത്. ലോക്ആയുക്ത നിയമത്തിലെ 14-ാം വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന നിയമോപദേശം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ലോക്ആയുക്ത നിയമത്തിലെ 14-ാം വകുപ്പ്

ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് കടകവിരുദ്ധവും മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്തതുമാണ്. ലോക്പാൽ നിയമത്തിനനുസൃതമായി ഭേദഗതി ബില്ലിൽ വരുത്തേണ്ട മാറ്റങ്ങൾ സബ്ജക്റ്റ് കമ്മിറ്റി യോഗത്തിൽ ഉന്നയിക്കാവുന്നതാണ്. ലോക്ആയുക്തയെ ഭരണഘടനാനുസൃതവും നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തിനനുസൃതവുമായി മാറ്റുകയെന്നതാണ് ഭേദഗതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

5. ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. എ. പി. അനിൽകുമാർ: 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ നിയമംമൂലം സഞ്ചിതനിധിയിൽനിന്നും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് ഭാവിയിൽ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്ന വ്യവസ്ഥകളാണ് 7, 8 വകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ധനകാര്യ മെമ്മോറാണ്ടം പുനഃപ്രസിദ്ധീകരിക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ബോർഡ് ജീവനക്കാർ സർക്കാർ ജീവനക്കാരായി തുടർന്നാലും അവരുടെ സേവനം ബോർഡ് ഉപയോഗിക്കുന്നതിനാൽ പെൻഷൻ അംശദായത്തിന്റെയും അവധി വേതന അംശദായത്തിന്റെയും സംയോജിത നിരക്ക് ബോർഡിൽനിന്നും സർക്കാരിന് ഈടാക്കാൻ സാധിക്കുമെന്നതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നില്ല. ആയതിനാൽ ധനകാര്യ

മെമ്മോറാണ്ടം പുതുക്കി പ്രസിദ്ധീകരിക്കേണ്ടതില്ല.

**റൂളിംഗ്**

മി. സ്പീക്കർ: സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നത് സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ നൽകുന്ന വിശദീകരണമാണ് പ്രധാനം. ആയതിനാൽ ഉന്നയിക്കപ്പെട്ട തടസ്സവാദം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണ കാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. ജെ. വിനോദ്: 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2017-ൽ

കേരള മാരിടൈം ബോർഡ് രൂപീകരണത്തിലൂടെ സംസ്ഥാനത്തെ 14 പോർട്ടുകളിലും തീരദേശ മേഖലയിലും വലിയ വികസനമുണ്ടാകുമെന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമായിട്ടില്ല. പ്രസ്തുത നിയമം നിലവിൽ വന്നതിനുശേഷം എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കണം. വിഴിഞ്ഞം പാക്കേജ് നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. തീരദേശ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും അവിടത്തെ ജനങ്ങൾക്ക് സാന്ത്വനം നൽകാനും കഴിയണം. തീരദേശ സുരക്ഷ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഒരു ഏജൻസിക്കുകീഴിൽ ഏകോപിപ്പിക്കുന്നത് തുറമുഖങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായിക്കും. മാരിടൈം ബോർഡ് കൺസൾട്ടേറ്റീവ് കമ്മിറ്റി, തീരദേശ ഉപദേശക സമിതി എന്നിവയുടെ വിവിധ തലങ്ങളിൽ ജനപ്രതിനിധികളുടെയും തൊഴിലാളി പ്രതിനിധികളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്താത്തത് ഉദ്യോഗസ്ഥ ദുർഭരണത്തിലേയ്ക്ക് നയിക്കും. സ്വകാര്യ മുതലാളിമാരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന പ്രസ്ഥാനമായി ബോർഡ് മാറാനുള്ള സാധ്യതയുണ്ട്. ഉദ്യോഗസ്ഥരെ നിയന്ത്രിച്ചുകൊണ്ട് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യശുദ്ധി സംരക്ഷിക്കണം. ബോർഡിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരം

മുഴവൻ ജീവനക്കാരെയും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികളെയും നിലവിൽ നിയമനം കാത്തിരിക്കുന്നവരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. തുറമുഖ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടവും അച്ചടക്ക നടപടിയും സർക്കാരിൽ നിക്ഷിപ്തമാക്കാനും ജീവനക്കാരുടെ ശമ്പളം സഞ്ചിതനിധിയിൽനിന്നും നൽകാനും സർക്കാർ തയ്യാറാകണം.

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. കെ. വി. സുമേഷ്): 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ മൈനർ പോർട്ടുകളുടെ വികസനത്തിനാണ് മാരിടൈം ബോർഡ് രൂപീകരിച്ചത്. കേരളത്തിന്റെ വികസനത്തിന് സഹായകമാകുന്ന ഭേദഗതികളാണ് 2022-ലെ മാരിടൈം ടൈം ബോർഡ് (ഭേദഗതി) ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. തുറമുഖ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന തിരുവനന്തപുരത്തേയ്ക്ക് ഹെഡ് ക്വാർട്ടേഴ്സ് മാറ്റുന്ന നടപടി സ്വാഗതാർഹമാണ്. കാലാവധി മൂന്ന് വർഷമായി കുറയ്ക്കുന്നത് ബോർഡിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സഹായിക്കും. മൈനർ പോർട്ടുകളുടെ വികസനത്തിന് പ്രൊഫഷണൽ മാനേജ്മെന്റ് അനിവാര്യമാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുമ്പോൾ

ഇന്ത്യയിലെ മികച്ച തുറമുഖ കേന്ദ്രമാവുകയും കൊല്ലം ഫീഡർ കേന്ദ്രമായി മാറുകയും ചെയ്യും. ബോർഡ് മീറ്റിംഗിലെടുക്കുന്ന തീരുമാനം അംഗീകാരത്തിനായി വീണ്ടും അയയ്ക്കുന്ന നടപടി ലഘൂകരിക്കണം. തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. കേരളത്തിന്റെ ഭാവിക്കും ചെറുകിട-വൻകിട പോർട്ടുകളുടെ സമഗ്ര വികസനത്തിനും ഈ ബിൽ സഹായകരമാകും. മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ മെക്കാനിസം അനിവാര്യമാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സജീവമായ ഇടപെടലിലൂടെ തുറമുഖങ്ങളെയും തീരങ്ങളെയും സക്രിയമാക്കി ചരക്കുഗതാഗത നീക്കങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സാധ്യമാകുംവിധം മുന്നേറ്റമുണ്ടാക്കുകയാണ് തുറമുഖ വകുപ്പിന്റെ ലക്ഷ്യം. 2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ പ്രായോഗികവും ഭരണപരവുമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സർവ്വീസ് നിബന്ധനകൾ സംബന്ധിച്ച് ബോർഡിലെ ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ച പ്രശ്നങ്ങളിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ആക്ടിൽ ചില ഭേദഗതികൾ

വരുത്തിയാൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂവെന്ന് വ്യക്തമായതിനെത്തുടർന്നാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(4) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

(ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. രാജീവ്:</u> 2009-ൽ രൂപീകരിക്കപ്പെട്ട കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ 23 തസ്തികകളുടെ നിയമനം പി.എസ്.സി. മുഖാന്തരമായിരിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്യുകയുണ്ടായി. പി.എസ്.സി. മുഖാന്തരം നിയമനം നടത്തണമെങ്കിൽ ബില്ലിലും അതുമായി ബന്ധപ്പെട്ട റൂളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനായി ഈ നിയമത്തിൽ കോർപ്പറേഷൻ എന്ന നിർവ്വചനത്തിന് കീഴിൽ കേരള പ്രവാസി കേരളീയ ക്ഷേമബോർഡിനെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ ഭേദഗതി.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. നജീബ് കാന്തപുരം</u>: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ

പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15.11.2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള നീക്കം ആശ്വാസകരമാണ്. പ്രവാസികൾ ഇന്ന് അനുഭവിക്കുന്ന ദുരിതങ്ങൾക്ക് ശാശ്വതപരിഹാരം കാണണം. സൗദി അറേബ്യയിലെ സ്വദേശിവത്കരണത്തിന്റെ ഭാഗമായി തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനാവശ്യമായ നടപടി സ്വീകരിക്കണം. ലോക കേരള സഭയിൽ പ്രഖ്യാപിച്ച പ്രോജക്ടുകളും നിർദ്ദേശങ്ങളും നടപ്പിലാക്കാൻ സാധിക്കാത്തത് പ്രതിഷേധാർഹമാണ്. മടങ്ങിവരുന്ന പ്രവാസികളുടെ കഴിവുകൾ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സഹായകരമായ രീതിയിൽ ഏകജാലക സംവിധാനം നടപ്പാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സി. എച്ച്. കുഞ്ഞമ്പു: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിനെ ഉൾപ്പെടുത്തുന്നതിനായി ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. പ്രവാസി മലയാളികളുടെ കുട്ടികൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും പ്രവാസികൾ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പി.എസ്.സി. പരീക്ഷ എഴുതുന്നതിന് മലയാളം നിർബന്ധമാണെന്ന നിബന്ധന പ്രവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ പ്രസ്തുത നിബന്ധന ഒഴിവാക്കുകയോ, മലയാളം പഠിക്കാനുള്ള അവസരമൊരുക്കുകയോ ചെയ്യണം. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ജോബ് പോർട്ടൽ വഴിയുള്ള നോർക്കയുടെ റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. യുക്രൈൻ യുദ്ധവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസം മുടങ്ങിപ്പോയ വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രവാസികളെ സഹായിക്കുന്നതിനായി വിവിധതരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആരോഗ്യ മേഖലയിൽ പ്രവാസികളുൾപ്പെടെയുള്ളവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് പൊതുമേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് മാത്രമായി ഒരു അത്യാധുനിക ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആനുകൂല്യം നൽകുന്നത്. കേരളത്തിൽ ഏറ്റവുമധികം സംരംഭങ്ങൾ ആരംഭിച്ചത് മലപ്പുറം ജില്ലയിലാണ്. യുക്രൈനിൽനിന്നും വിദ്യാർത്ഥികളെ മടക്കിക്കൊണ്ടുവരുന്നതിനായി നോർക്ക നടത്തിയ ശ്രമം അഭിനന്ദനാർഹമാണ്. ടിക്കറ്റ് ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം പൂർണ്ണമായും വിമാനകമ്പനികൾക്ക് നൽകിയതിനെതിരെ ഒറ്റക്കെട്ടായി നിലപാട് സ്വീകരിക്കണം. മടങ്ങിവരുന്ന പ്രവാസികളുടെ അനുഭവ സമ്പത്ത്, നൈപുണി തുടങ്ങിയവ വിനിയോഗിക്കാൻ കഴിയണം. പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുന്നതോടുകൂടി പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം നന്നായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(V) <u>2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശിവൻകുട്ടി: കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ കുറവായതിനാലും നിലവിൽ ഓരോ അംഗത്തിൽനിന്നും 20 രൂപ മാത്രം അംശദായമായി ഈടാക്കുന്നതിനാലും മറ്റ് ക്ഷേമനിധികളിലേതുപോലുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് 50 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. എ. കെ. എം. അഷ്റഫ്: 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അംശദായം പ്രതിമാസം 20 രൂപയിൽനിന്ന് 50 രൂപയായി വർദ്ധിപ്പിച്ചാലും തൊഴിലാളികൾക്ക് അതിന്റെ ഗുണഫലം ലഭിക്കില്ല. ബോർഡിന്റെ ഭരണപരമായ ചെലവുകൾ നിർവ്വഹിക്കാൻ ഈ തുക ഉപയോഗിക്കുന്നതും തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്ക് വേണ്ടത്ര പ്രാമുഖ്യം നൽകാത്തതും തൊഴിലാളിവിരുദ്ധ സമീപനമാണ്. ആഭരണ തൊഴിലാളികളുടെ കുടിശ്ശിക ആനുകൂല്യങ്ങൾ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ക്ഷേമനിധി

ബോർഡുകളിൽനിന്നും പെൻഷന് സമർപ്പിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഡിജിറ്റൽ സൈൻ രേഖപ്പെടുത്തുന്ന തീയതി മുതൽ മാത്രമെ അർഹതയുണ്ടാകുവെന്ന ധനകാര്യവകുപ്പിന്റെ ഉത്തരവ് പിൻവലിക്കണം. ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലനിർത്തുക, സ്വർണ്ണ വ്യാപാര ശാലകളിൽനിന്നുള്ള ആഭരണത്തൊഴിലാളി സെസ് ഈടാക്കുക, ക്ഷേമനിധി ബോർഡുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുക, തൊഴിലാളികൾക്ക് മിനിമം വേജസ് ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനും ആഭരണത്തൊഴിലാളികളുടെ ക്ഷേമനിധി തുക തൊഴിലുടമയിൽനിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്ന ആഭരണ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും തൊഴിലവസരം ഉറപ്പുവരുത്തുന്നതിനും സാധിക്കണം. തൊഴിലാളികൾക്ക് മിനിമം വേജസ്

ഉറപ്പാക്കണം. സ്വർണ്ണ വ്യാപാരികളിൽനിന്നും സെസ് പിരിച്ചെടുക്കുന്നതിനും ക്ഷേമനിധിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് തൊഴിലുടമകളിൽ നിന്നും ഓഹരി സമാഹരിക്കുന്നതിനും കഴിയണം. തൊഴിലാളികളുടെ ദുരവസ്ഥ പരിഹരിക്കുന്നതിന് ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നതിനും സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനും ഭേദഗതിയിലൂടെ സാധിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കോവിഡ് വ്യാപന കാലഘട്ടത്തിൽ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് രണ്ടുതവണ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2022 ജൂലൈ വരെ 21649 പേർ ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലെ വ്യവസ്ഥപ്രകാരം അപ്രൈസർമാർക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കഴിയില്ല. ആഭരണത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനാണ് ഭേദഗതി

കൊണ്ടുവന്നിട്ടുള്ളത്. കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി സെസ്സിനത്തിൽ നാളിതുവരെ 939162 രൂപയാണ് ലഭിച്ചിട്ടുള്ളത്. പെൻഷൻ, വിദ്യാഭ്യാസ-വിവാഹ-ചികിത്സാനുകൂല്യങ്ങളുൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് നൽകുന്നുണ്ട്. ബോർഡിന്റെ വാർഷികവരുമാനം കുറവായതിനാലാണ് അംശദായം 50 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ബോർഡിന്റെ വരുമാനം വർദ്ധിക്കുന്നതനുസരിച്ച് അംഗങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

പ്രമേയം

<u>ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്</u>

2022 ആഗസ്റ്റ് 23-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(1), 237 എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചട്ടം 77-ലെ വ്യവസ്ഥകളും താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നുവെന്ന പ്രമേയം അവതരിപ്പിക്കുകയും പിന്താങ്ങുകയും അംഗീകരിക്കുകയും ചെയ്തു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

6. <u>ബില്ലിലെ അപാകത</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: 105 ബില്ലുകൾ ഒഴിവാക്കിയതായി ബില്ലിൽ

പരാമർശിക്കുന്നുണ്ടെങ്കിലും റദ്ദ് ചെയ്യപ്പെടുന്ന നിയമങ്ങളെ സംബന്ധിച്ച് നൽകിയിട്ടുള്ള വിശദാംശങ്ങൾ അപൂർണ്ണമായതിനാൽ ബില്ലിന് അവതരണാനുമതി നൽകരുത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഭേദഗതി ബിൽ നിയമമായിക്കഴിഞ്ഞാൽ അതിലെ വ്യവസ്ഥകൾ മൂലനിയമത്തിന്റെ ഭാഗമാകുകയും ഭേദഗതി നിയമം പ്രത്യേക നിയമമായി നിൽക്കുകയും ചെയ്യും. ആയതിനാൽ പ്രത്യേക റിപ്പീൽ നിയമം കൊണ്ടുവന്നാൽ മാത്രമേ ഭേദഗതി നിയമം റദ്ദ് ചെയ്യാൻ കഴിയുവെന്നുള്ളതിനാലാണ് ഇത്തരമൊരു ബിൽ കൊണ്ടുവന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ നിയമാനുസൃതമായും വ്യവസ്ഥാപിതമായും തയ്യാറാക്കിയിരിക്കുന്നതാണെന്നും അവ്യക്തതയും അപൂർണ്ണതയും അക്കാര്യത്തിലുണ്ടെന്ന വാദത്തിൽ കഴമ്പില്ലെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പ്രഗത്ഭരായ നിയമവിദഗ്ദ്ധരുടെ വിശദമായ പഠനത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ റദ്ദാക്കാവുന്നതായി കണ്ടെത്തുകയും അതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതുമായ

നിയമങ്ങളുടെ ലിസ്റ്റടങ്ങിയതാണ് ഈ ബിൽ. ബില്ലിന്റെ ഉള്ളടക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതയോ അപൂർണ്ണതയോ ഉണ്ടെന്ന് പറയാൻ കഴിയാത്ത സാഹചര്യത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി യു. പ്രതിഭ: ബില്ലിനെ പിന്താങ്ങുന്നു. ഏകദേശം 105-ഓളം ബില്ലുകൾ ഒഴിവാക്കി ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഇത്തരമൊരു ബിൽ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: ബില്ലിനെ പിന്താങ്ങുന്നു. കാലഹരണപ്പെട്ട നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ജി. എസ്. ജയലാൽ: ബില്ലിനെ പിന്താങ്ങുന്നു. കേരള നിയമസഭയുടെ പ്രവർത്തനത്തിലെ സുപ്രധാന അജണ്ടയായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. പൊതുജനക്ഷേമവും സാമൂഹികനീതിയും പുരോഗതിയും കൈവരിക്കുന്ന നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ള ഈ സഭ നിയമ പരിഷ്കാര കമ്മീഷനുകളുടെയും കേന്ദ്ര ഗവൺമെന്റിന്റെ ഗുഡ് ഗവേണൻസിന്റെയും ഭാഗമായി അവതരിപ്പിക്കുന്ന ഈ ബില്ലിലൂടെ കാലഹരണപ്പെട്ട 105 നിയമങ്ങൾ റദ്ദാക്കപ്പെടുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. യു. എ. ലത്തീഫ്: ബില്ലിനെ ഭാഗികമായി പിന്താങ്ങുകയാണ്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ഇതുവരെ പൂർണ്ണമായും നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ബ്രിട്ടീഷ് കാലഘട്ടത്തിലെ നിയമങ്ങളാണ് ഇന്ത്യയിലെ കോടതികളിൽ സ്വീകരിച്ചുവരുന്നത്. ഭേദഗതി ആക്ടുകൾ മൂലനിയമത്തിന്റെ ഭാഗമാകുന്നത് എങ്ങനെയാണെന്ന കാര്യത്തിൽ വ്യക്തതയില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ ശിപാർശ ചെയ്ത 810 നിയമങ്ങളിൽ 697 എണ്ണം നേരത്തെ റദ്ദാക്കപ്പെട്ടിരുന്നു. ഭരണ വകുപ്പിന്റെ അഭിപ്രായം

പരിഗണിച്ചാണ് 105 നിയമങ്ങൾക്കൂടി റദ്ദാക്കാൻ ബിൽ കൊണ്ടുവന്നത്. ഈ നിയമത്തിന്റെ ഭാഗമായി നേരത്തെ നടപ്പാക്കിയ നടപടികളോ സ്വീകരിച്ചിട്ടുള്ള നിബന്ധനകളോ ടി നിയമം റിപ്പീൽ ചെയ്യുന്നതോടുകൂടി ഇല്ലാതാകുന്നില്ലെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

112, 113, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

115, 116, 117, 118, 119, 120, 121, 122, 123, 124, 125, 126, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

115. ഖണ്ഡം 3(1)-ൽ " ആക്റ്റ് മൂലം" എന്നതിനുപകരം

“ ആക്റ്റിലെ” എന്ന് ചേർക്കുക.

119. ഖണ്ഡം 3(1)-ൽ 'ഈ ആക്റ്റ്,' എന്നതിനുശേഷം 'മൂലം' എന്ന് ചേർക്കുക.

121. ഖണ്ഡം 3(1)-ൽ 'പ്രാപ്തമായതോ' എന്നതിനുപകരം 'പ്രാപ്തമായിട്ടുള്ളതോ' എന്ന് ചേർക്കുക.

125. ഖണ്ഡം 3(1)-ൽ 'റദ്ദാക്കിയിട്ടുള്ള' എന്നതിന് പകരം 'റദ്ദാക്കപ്പെട്ടിട്ടുള്ള' എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.07-ന് പിരിഞ്ഞു.

..............